ജയിൽ ആസ്ഥാന കാര്യാലയം
തിരുവനന്തപുരം

നമ്പർ ഡി.ജി.പി.ക്യാമ്പ് 06/2013 തീയതി : 18-12-2013

# സർക്കുലർ 03/2013

വിഷയം :-ജയിലുകളിലെ മനുഷ്യ വിഭവശേഷി (ഉദ്യോഗസ്ഥരുടെ) പരമാവധി നല്ലരീതിയിൽ വിനിയോഗിക്കുന്നതിനെ സംബന്ധിച്ച്

ജയിലുകളിലെ വാർഡൻമാരുടെ എണ്ണം, അംഗീകൃത ജീവനക്കാരുടെ എണ്ണത്തിൽ നിന്നും ഏകദേശം 452 എണ്ണം കുറവാണ്. ഇതു കൂടാതെ അംഗീകൃത ജീവനക്കാരുടെ എണ്ണം കണക്കാക്കിയാൽ പ്രതികളുടെ എണ്ണത്തിൽ നിന്നും വളരെ കൂടുതൽ ആണ് ഇപ്പോൾ ഉള്ള പ്രതികളുടെ എണ്ണം. പി.എസ്. സി. നിയമനം, അംഗീകൃത ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക എന്നിവയ്ക്ക് കാലതാമസം ഉണ്ടാകുന്നു. ആയതിനാൽ ലഭ്യമായ മനുഷ്യവിഭവശേഷി നല്ലതായി വിനിയോഗിക്കുവാൻ താഴെ പറയുന്ന നിർദ്ദേശം നൽകുന്നു.

1. ജയിലിൽ വന്നിട്ടുള്ള പ്രതികളിൽ ഏറ്റവും പ്രധാനപ്പെട്ടതായി മാധ്യമങ്ങൾ മുഖേന ശ്രദ്ധയിൽ വന്നവർ
2. വളരെ കൂടുതൽ ക്രിമിനൽ കുറ്റങ്ങളിൽ പെട്ടവവരും ക്രൂരമായ കുറ്റകൃത്യങ്ങളിൽ പെട്ടവരും.
3. അക്രമ സ്വഭാവികളും ജയിൽ ചാടാൻ സാദ്ധ്യതയുള്ളവരും, മറ്റു വിവിധ ശ്രദ്ധ ആകർഷിക്കുന്നവർ.
4. വധശിക്ഷയ്ക്ക് വിധിച്ചിട്ടുള്ള ജയിൽ പുള്ളികൾ
5. സാധാരണ നിലയിൽ ജയിൽ നിയമങ്ങൾ അനുസരിച്ച് ജീവിക്കുന്നവർ

ഈ വിധത്തിൽ തരം തിരിച്ചശേഷം ആദ്യത്തെ 4 വിഭാഗങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകുന്ന വിധത്തിൽ മനുഷ്യവിഭവശേഷി നിയോഗിക്കുക.

## 2. സി.സി.റ്റിവി നിലവിലുള്ള സ്ഥലങ്ങളിൽ അവ ശ്രദ്ധിക്കേണ്ടവിധം.

സി.സി.റ്റി.വി. സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ അതിന്റെ കൺട്രോൾ റൂമിൽ നിയോഗിക്കുന്നവർക്ക് കെൽട്രോൺ മുഖാന്തിരം സാങ്കേതിക പരിശീലനം ഉറപ്പാക്കണം. ഇത്തരത്തിൽ സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമായി എഴുതി നൽകണം.

1. ക്യാമറ ഒന്നു മുതൽ നമ്പർ ചെയ്തശേഷം ഏതെല്ലാം നമ്പർ ക്യാമറകൾ ആണ് വിവിധ സമയങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതെന്ന് എഴുതി നൽകുക.

2. നേരത്തെ ജയിൽ പുള്ളിക്ളെ തരം തിരിച്ച് പോലെ പ്രാധാന്യം അനുസരിച്ച് ക്യാമറകളേയും തരം തിരിക്കുക. പക്ഷെ ക്യാമറകളുടെ കാര്യത്തിൽ സമയക്രമം അനുസരിച്ച് പ്രാധാന്യം കൂടിയും കുറഞ്ഞും ഇരിക്കും. ഉദാഹരണത്തിന് രാത്രിയിൽ peripheral മതിലുകൾക്ക് വളരെ പ്രാധാന്യം നൽകേണ്ടതാണ്. ഇങ്ങനെ ഏകദേശം 20 ക്യാമറകളിൽ താഴെ ഏറ്റവും പ്രാധാന്യം അർഹിക്കുന്നതും, മറ്റുള്ളവ സാധാരണ നോക്കേണ്ടതുമായി തരം തിരിക്കുക.

3. ക്യാമറകൾ നോക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട വസ്തുതകൾ ചൂണ്ടികാണിക്കുക. ഇവ അസാധാരണമായ വിധത്തിൽ കാണുന്ന തടവു പുള്ളികളുടെ ചലനം, ക്യാമറയിൽ പടം പതിയാത്ത വിധം മറച്ചു പിടിക്കൽ,ക്യാമറയിൽ പടം വരാത്ത വിധം വസ്ത്രങ്ങളും മറ്റും ഉപയോഗിച്ച് ഷേഡുകൾ ഉണ്ടാക്കൽ, ഒരു സ്ഥലത്ത് കാണേണ്ടതില്ലാത്ത വ്യക്തികൾ ആ സ്ഥലത്ത് കാണപ്പെടുക, ജയിലിൽ അനുവദിച്ചിട്ടില്ലാത്ത വസ്തുക്കൾ കാണപ്പെടുക തുടങ്ങിയവ ആണ്.

4. ഓരോ മണിക്കൂറിന് ക്യാമറ ശ്രദ്ധിക്കുന്ന ആഫീസർ, രജിസ്റ്ററിൽ ആ സമയത്തിനുള്ളിൽ എവിടെ എങ്കിലും, എന്തെങ്കിലും അസാധാരണമായി കണ്ടോ എന്ന് രേഖപ്പെടുത്തേണ്ടതാണ്. അസാധാരണമായി ഒന്നും കണ്ടില്ലെങ്കിൽ അതും രേഖപ്പെടുത്തേണ്ടതാണ്. ഈ രജിസ്റ്റർ എല്ലാ ദിവസവും, ജയിലറും , ഡെപ്യൂട്ടി ജയിലറും പരിശോധിക്കേണ്ടതും സൂപ്രണ്ടിൻെറ ശ്രദ്ധയിൽപെടുത്തേണ്ടതുമാണ്.

5. കൂടാതെ പ്രാധാന്യം അനുസരിച്ചുള്ള ക്യാമറയുടെ random വീഡിയോ റെക്കോർഡിംഗ് ടെസ്റ്റ് ചെയ്യേണ്ടതാണ്. ഇക്കാര്യവും രജിസ്റ്ററിൽ എഴുതേണ്ടതാണ്. ഓരോ ദിവസവും തുടങ്ങുമ്പോൾ മൊത്തം ക്യാമറയും, പ്രവർത്തിക്കുന്ന ക്യാമറയും എത്ര എന്ന് പ്രത്യേകം എഴുതേണ്ടതാണ്. പ്രവർത്തിക്കാത്ത ക്യാമറയെ സംബന്ധിച്ച്, ക്യാമറ സ്ഥാപിച്ച ഏജൻസി ആയി ഉടൻ ബന്ധപ്പെട്ട് നന്നാക്കുവാനുള്ള നടപടികൾ എടുക്കേണ്ടതാണ്.

6. അതുപോലെ വധശിക്ഷയ്ക്ക് വിധിച്ചിട്ടുള്ള ജയിൽ പുള്ളികൾക്ക് ജയിൽ ചാടാൻ അനുയോജ്യമാകാവുന്ന പ്രവർത്തനങ്ങളിൽ/ജോലികളിൽ ഏർപ്പെടാൻ ഒരിക്കലും സൗകര്യം നൽകരുത്.

ടി.പി. സെൻകുമാർ ഐ.പി.എസ്.
ഡി.ജി.പി. (പ്രിസൺസ്) (i/c)

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും.

Copy to: DIG(HQ/NZ/CZ/SZ)